# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.84/PR/PIC/PHQ/18 Date : 09.04.2018

## വ്യാജ എ.ടി.എം കാർഡുകൾ സൃഷ്ടിച്ച് പണം തട്ടുന്ന സംഘത്തിലെ പ്രധാനി അറസ്റ്റിൽ

വർക്കല കേന്ദ്രീകരിച്ച് വിദേശികളായ ടൂറിസ്റ്റുകളുടെ ക്രെഡിറ്റ് കാർഡും പിൻ നമ്പറും ഒളിക്യാമറ ഉപയോഗിച്ച് പകർത്തി വ്യാജ എ.ടി.എം കാർഡുകൾ സൃഷ്ടിച്ച് പണം തട്ടുന്ന സംഘത്തിലെ പ്രധാനി അറസ്റ്റിലായി. തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ പരിയാരം മോതിരക്കണ്ണി ബാലിക്കുളം കരിപ്പായി വീട്ടിൽ ജിന്റോ ജോയിയെ (34) ആണ് സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പോലീസ് ഇൻസ്പെക്ടർ എൻ.ബിജുവും സംഘവും ഡൽഹിയിൽ അറസ്റ്റ് ചെയ്തത്.

വർക്കലയിൽ യു.എ.ഇ.എക്സ്ചേഞ്ച് എന്ന സ്ഥാപനം നടത്തി വിദേശികളായ ടൂറിസ്റ്റുകളുടെ ക്രെഡിറ്റ് കാർഡ് വിവരങ്ങൾ സ്കിമ്മിംഗ് ഡിവൈസ് ഉപയോഗിച്ച് ചോർത്തുകയും പിൻ നമ്പർ ഒളിക്യാമറ ഉപയോഗിച്ച് കണ്ടെത്തി വ്യാജ എ.ടി.എം കാർഡുകൾ ഉണ്ടാക്കി ബാംഗ്ലൂർ, കോയമ്പത്തൂർ എന്നീ സ്ഥലങ്ങളിലെ എ.ടി.എം മുഖേന പണം പിൻവലിച്ച് തട്ടിപ്പു നടത്തുകയും ചെയ്യുന്നതാണ് ഈ സംഘത്തിന്റെ പ്രധാന രീതി.

ഫ്രാങ്കോയിസ് മൗസിസ് (Fracois Mousis) എന്ന ഫ്രഞ്ച് പൗരൻ ക്രെഡിറ്റ് കാർഡ് തട്ടിപ്പിനിരയായതാണ് കേസിന്റെ തുടക്കം. ഇദ്ദേഹം വർക്കലയിൽ ക്രെഡിറ്റ് കാർഡ് അവസാനമായി ഉപയോഗിച്ചത് 2018 ജനുവരി 16 നായിരുന്നു. എന്നാൽ ജനുവരി 19 ാം തീയതി അദ്ദേഹം വർക്കലയിൽ ഉള്ള സമയം ബാംഗ്ലൂരിലെ ഫെഡറൽ ബാങ്ക് എ.ടി.എമ്മിൽ നിന്ന് പണം പിൻവലിച്ചതായി എസ്.എം.എസ് ലഭിച്ചതിനെ തുടർന്ന് ക്രൈം ബ്രാഞ്ച് ഐ.ജി എസ്.ശ്രീജിത്തിന് പരാതി നല്കി. തുടർന്ന് ഐ.ജിയുടെ നിർദ്ദേശാനുസരണം സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം

The contents of this document may be deemed to be based on received information which is subject to further verification

നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റ് നടന്നത്.

ഉപഭോക്താക്കളുടെ ക്രെഡിറ്റ് കാർഡ് വിവരങ്ങൾ സ്കിമ്മർ എന്ന ഉപകരണം ഉപയോഗിച്ച് ചോർത്തുകയും ചോർത്തിയ വിവരങ്ങൾ കാർഡ് റീഡിങ്ങ് മെഷിൻ ഉപയോഗിച്ച് ലാപ് ടോപ്പിലേക്ക് ട്രാൻസ്ഫർ ചെയ്ത് ബ്ലാങ്ക് കാർഡുകളിലേക്ക് പകർത്തി വ്യാജ എ.ടി.എം കാർഡുകൾ ഉണ്ടാക്കി പണം പിൻവലിക്കുന്നതാണ് ഈ സംഘത്തിന്റെ രീതി. പി.ഒ.എസ്.മെഷീനിൽ എന്റർ ചെയ്യുന്ന പിൻ നമ്പർ ഒളിക്യാമറ ഉപയോഗിച്ചാണ് വ്യജ എടിഎം കാർഡുണ്ടാക്കാനായി ശേഖരിക്കുന്നത്. തട്ടിപ്പുനടത്തി വിദേശത്തേക്കു കടന്ന പ്രതി ജിന്റോ ജോയിക്കെതിരെ ലുക്കൗട്ട് സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ഡി.വൈ.എസ്.പി. ഇക്ബാലിന്റെ നേതൃത്വത്തിൽ പോലീസ് ഇൻസ്പെക്ടറായ എൻ.ബിജു, സബ് ഇൻസ്പെക്ടറായ ജി.എസ്.രതീഷ്, സിവിൽ പോലീസ് ഓഫീസറായ ബി.എസ്.ബിനു എന്നിവരാണ് ഡൽഹിയിൽ നിന്നും പ്രതിയെ അറസ്റ്റ് ചെയ്ത്. പ്രത്യേക അന്വേഷണ സംഘത്തിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ സൈബർ എക്സ്പർട്ട് ആയ സീനിയർ സിവിൽ പോലീസ് ഓഫീസറായ സുനിൽ കുമാർ സിവിൽ പോലീസ് ഓഫീസർമാരായ അനീഷ്, ഡൊമിനിക്ക് വനിത സിവിൽ പോലീസ് ഓഫീസറായ ശോഭ എന്നിവരും ഉണ്ടായിരുന്നു

.